എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

**87.** അദ്ദേഹം പറഞ്ഞു: അധർമം പ്രവർത്തിച്ചവനെ നാം ശിക്ഷിക്കുന്നതാകുന്നു. അനന്തരം അവൻ വിധാതാവിങ്കലേക്ക് തിരിച്ചയക്കപ്പെടുന്നു. വിധാതാവ് അവന്ന് കൂടുതൽ കൊടിയ ശിക്ഷ നൽകുന്നതായിരിക്കും.

قَالَ أَمَّا مَن ظَلَمَ فَسَوْفَ نُعَذِّبُهُۥ ثُمَّ يُرَدُّ إِلَىٰ رَبِّهِۦ فَيُعَذِّبُهُۥ عَذَابًا نُّكْرًا ﴿٨٧﴾

**88.** എന്നാൽ സത്യധർമങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവന്നുള്ളത് വിശിഷ്ടമായ കർമഫലമാകുന്നു. അനായാസകരമായ കൽപ്പനകൾ മാത്രമായിരിക്കും നാം അവന്നു നൽകുക.

وَأَمَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا فَلَهُۥ جَزَآءً ٱلْحُسْنَىٰ ۖ وَسَنَقُولُ لَهُۥ
مِنْ أَمْرِنَا يُسْرًا ﴿٨٨﴾

**89.** പിന്നീട് ദുൽഖർനൈൻ മറ്റൊരു പടയോട്ടം തുടങ്ങി.

ثُمَّ أَتْبَعَ سَبَبًا ﴿٨٩﴾

**90.** അങ്ങനെ പൂർവ ചക്രവാളത്തിലെത്തിയപ്പോൾ സൂര്യൻ ഒരു ജനത്തിനു മീതെ ഉദിച്ചുയരുന്നതായി അദ്ദേഹം കണ്ടു. അതിനെതിരെ അവർക്ക് ഒരു മറയും നാം ഉണ്ടാക്കിയിരുന്നില്ല.

حَتَّىٰٓ إِذَا بَلَغَ مَطْلِعَ ٱلشَّمْسِ وَجَدَهَا تَطْلُعُ عَلَىٰ قَوْمٍ لَّمْ
نَجْعَل لَّهُم مِّن دُونِهَا سِتْرًا ﴿٩٠﴾

**91.** ഇതായിരുന്നു ദുൽഖർനൈനിയുടെ അവസ്ഥ. അദ്ദേഹത്തിന്റെ പക്കലുള്ളതെന്താണെന്ന് നമുക്കു നന്നായറിയാമായിരുന്നു.

كَذَٰلِكَ وَقَدْ أَحَطْنَا بِمَا لَدَيْهِ خُبْرًا ﴿٩١﴾

قَالَ= അദ്ദേഹം പറഞ്ഞു أَمَّا مَن ظَلَمَ= എന്നാൽ അധർമം പ്രവർത്തിച്ചവൻ(നെ)
فَسَوْفَ نُعَذِّبُهُۥ= തീർച്ചയായും അവനെ നാം ശിക്ഷിക്കുന്നതാകുന്നു ثُمَّ يُرَدُّ= പിന്നെ അവൻ തിരിച്ചയക്കപ്പെടുന്നു
إِلَىٰ رَبِّهِۦ= അവന്റെ വിധാതാവിങ്കലേക്ക് فَيُعَذِّبُهُۥ= അപ്പോൾ അവൻ(വിധാതാവ്) അവനു ശിക്ഷ നൽകുന്നു
عَذَابًا نُّكْرًا= കൂടുതൽ കൊടിയ ശിക്ഷ
وَأَمَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا= എന്നാൽ(സത്യ-ധർമങ്ങളിൽ) വിശ്വസിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്തവൻ
فَلَهُۥ= (ഉള്ളത്) അവന്ന് ഉണ്ട് جَزَآءً ٱلْحُسْنَىٰ ۖ= വിശിഷ്ടമായ കർമഫലം (ആകുന്നു)
وَسَنَقُولُ لَهُۥ= നാം അവനോടു പറയും(അവന്നു നൽകുക) مِنْ أَمْرِنَا= നമ്മുടെ കൽപ്പനകളിൽ നിന്ന്
يُسْرًا= അനായാസകരമായതു (മാത്രമായിരിക്കും)
ثُمَّ أَتْبَعَ سَبَبًا= പിന്നെ അദ്ദേഹം സജ്ജീകരണം തുടർന്നു(ദുൽഖർനൈൻ മറ്റൊരു പടനയിച്ചു)
حَتَّىٰٓ إِذَا بَلَغَ مَطْلِعَ ٱلشَّمْسِ= (അങ്ങനെ പൂർവ ചക്രവാളത്തിൽ) ഉദയസ്ഥാനത്ത് എത്തിയപ്പോൾ

وَجَدَهَا تَطْلُعُ = അത്(സൂര്യൻ) ഉദിക്കു(ച്ചുയരു)ന്നതായി അദ്ദേഹം കണ്ടു عَلَىٰ قَوْمٍ = ഒരു ജനത്തിനു മീതെ
لَّمْ نَجْعَل لَّهُم = അവർക്ക് നാം ഉണ്ടാക്കിയിരുന്നില്ല مِّن دُونِهَا = അതിനെതിരെ سِتْرًا = ഒരു മറ(യും)
كَذَٰلِكَ = ഇപ്രകാരമാകുന്നു(ഇതായിരുന്നു ദുൽഖർനൈനിയുടെ അവസ്ഥ)
وَقَدْ أَحَطْنَا = നാം വലയം ചെയ്തിരുന്നു(നമുക്കു നന്നായറിയാമായിരുന്നു)
بِمَا لَدَيْهِ = അദ്ദേഹത്തിന്റെ പക്കലുള്ളതിനെ(ള്ളത് എന്തെന്ന്) خُبْرًا = സൂക്ഷ്മജ്ഞാനത്താൽ

**87–88.** ദൈവാനുഗ്രഹത്താൽ തനിക്കു ലഭിച്ച നിസ്തുലമായ അധികാര സ്വാതന്ത്ര്യങ്ങളോട് താൻ സ്വീകരിക്കുന്ന സമീപനം സ്വയം തീരുമാനിക്കുകയാണ് ദുൽഖർനൈനി. നീതിമാനായ ദൈവദാസൻ എന്ന നിലയിൽ തന്റെ കടമ ദുഷ്ടജനശിക്ഷയും ശിഷ്ടജനരക്ഷയുമാകുന്നു. തന്റെ നടപടികൾ അതിന്റെ സാക്ഷാത്കാരമായിരിക്കും. അക്രമവും നാശവുമുണ്ടാക്കുന്നവരെ താൻ ശിക്ഷിക്കും. താൻ നൽകുന്നതിനെക്കാൾ കടുത്ത ശിക്ഷ അല്ലാഹുവിങ്കൽനിന്നും അവർക്കു ലഭിക്കും. എന്നാൽ സത്യ-ധർമങ്ങളിൽ വിശ്വസിച്ച് സൽക്കർമങ്ങളാചരിക്കുന്ന ജനങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് വിശിഷ്ടമായ കർമഫലം ലഭിക്കും. അവരോടുള്ള തന്റെ സമീപനവും, മൃദുലവും സൗഹൃദപരവുമായിരിക്കും. وَسَنَقُولُ لَهُۥ مِنْ أَمْرِنَا يُسْرًا എന്ന വാക്യത്തിന്റെ നേർതർജ്ജമ 'നാം അവനോട് നമ്മുടെ കൽപ്പനകളിൽനിന്ന് എളുപ്പമായതു പറയും' എന്നാണ്. അവരുടെ ജീവിതം ക്ഷേമപൂർണമാക്കുന്ന സാമൂഹിക വ്യവസ്ഥ നടപ്പിലാക്കും, സ്വാതന്ത്ര്യം ഹനിക്കുന്ന നിയമങ്ങൾ ചുമത്തുകയില്ല, താങ്ങാനാവാത്ത നികുതി പിരിക്കില്ല എന്നൊക്കെ ഇതിനർഥമാകാം. അറബി ഭാഷയിൽ قول -'വാക്ക്' എന്ന പദം നയം, നിലപാട്, നടപടി തുടങ്ങിയ ആശയങ്ങളെ കുറിക്കാനും ഉപയോഗിക്കും. അതുകൊണ്ട് ഈ വാക്യത്തെ 'നാം അവരോട് അനായാസകരമായ ഭരണ നടപടികൾ മാത്രം സ്വീകരിക്കും' എന്നും തർജമ ചെയ്യാവുന്നതാണ്.

കീഴടക്കുന്ന നാട്ടിലെ ജനങ്ങളെ പീഡിപ്പിക്കാനോ അപമാനിക്കാനോ സൈറസ് പട്ടാളക്കാരെ അനുവദിച്ചിരുന്നില്ലെന്ന് ചരിത്രകാരന്മാർ പറയുന്നുണ്ട്. ദയാപൂർവമാണ് അദ്ദേഹം അവരോട് പെരുമാറിയിരുന്നത്. ഭാരിച്ച നികുതികളും ചുങ്കങ്ങളും ലഘൂകരിച്ചുകൊടുത്തിരുന്നു. ബന്ധനസ്ഥരായി ഹാജരാക്കപ്പെടുന്ന ബദ്ധശത്രുക്കൾക്കുപോലും മാപ്പ് പ്രഖ്യാപിച്ചിരുന്നു. ഈ സൽപെരുമാറ്റത്തിൽ ആകൃഷ്ടരായി അവർ അദ്ദേഹത്തിനു കലവറയില്ലാത്ത കൂറ് ഉറപ്പ് നൽകിയിരുന്നു. ഇറാഖിലെ മാതൃരാജ്യം കീഴ്പ്പെടുത്തിയപ്പോൾ പരാജിതനായ രാജാവിനെ അദ്ദേഹം ആജീവനാന്തം സ്വന്തം കൊട്ടാരത്തിൽ പാർപ്പിച്ചു. അദ്ദേഹത്തിനു ധാരാളം സമ്മാനങ്ങൾ നൽകിക്കൊണ്ട് രാജോചിതമായ ജീവിതം സാധ്യമാക്കുകയും ചെയ്തു.

ദുൽഖർനൈനി ഏകദൈവത്തിലും പരലോകത്തിലും വിശ്വസിച്ചിരുന്നുവെന്ന് ഈ സൂക്തത്തിൽനിന്നു മനസ്സിലാക്കാം. ചരിത്രം അതിനെ പിന്തുണക്കുന്നുണ്ട്. സരതുഷ്ടരുടെ സമകാലീനനും അനുയായിയുമായിരുന്നു സൈറസ്. സരതുഷ്ടരുടെ മൗലികാധ്യാപനങ്ങളിൽ ദൈവവിശ്വാസത്തിന്റെയും പരലോക വിശ്വാസത്തിന്റെയും ശരിയായ സങ്കൽപ്പം കാണാം. പിൽക്കാലത്ത് മറ്റു ദൈവിക മതങ്ങളെന്നപോലെ ഈ മതവും മനുഷ്യരുടെ കൈകടത്തലിനു വിധേയമായി. മതതത്ത്വങ്ങളിൽ അവക്ക് നിരക്കാത്ത കൃത്രിമ തത്ത്വങ്ങൾ കടന്നുകൂടി വികൃതമായി. ദാരാ അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ അഹൂര മസ്ദ(അല്ലാഹു)ക്ക് നന്ദി പ്രകടിപ്പിക്കുന്നുണ്ട്. തന്റെ രാജ്യത്തെ അവന്റെ ഔദാര്യവും അനുഗ്രഹവുമായി വർണിക്കുകയും അതിനെ സന്മാർഗത്തിൽ നിലനിർത്താൻ അവനോട് ഉതവി തേടുകയും ചെയ്യുന്നു. ഈ ദൈവബോധം അദ്ദേഹത്തിന് ദുൽഖർനൈനിയിൽനിന്ന് പൈതൃകമായി ലഭിച്ചതാണെന്നു വ്യക്തമാണ്. ഇസ്രാഈലി പ്രവാചകന്മാരിലുണ്ടായിരുന്ന മതിപ്പും വിശ്വാസവും ദുൽഖർനൈനിയുടെ മതതാൽപ്പര്യം ശക്തിപ്പെടാൻ കാരണമായിട്ടുണ്ടാവാം.

**89–90.** സൈറസിന്റെ രണ്ടാമത്തെ പടയോട്ടമാണ് ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. بَلَغَ مَطْلِعَ ٱلشَّمْسِ എന്ന വാക്കിന്റെ താൽപര്യം അദ്ദേഹത്തിന്റെ പടയോട്ടം വിദൂര പൂർവദിക്കിലെത്തി എന്നാണ്; ചരിത്രകാരന്മാർ പറയുന്നു: മക്നാൻ, ഖാണ്ഡഹാർ, ബൽഖ് തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുവർഗങ്ങളുടെയും മരുഭൂഗോത്രങ്ങളുടെയും അക്രമങ്ങൾ നടമാടിയിരുന്നു. പേർഷ്യയുടെ കിഴക്കൻ അതിർത്തി പ്രദേശങ്ങളിലും അവർ സമാധാനഭംഗം സൃഷ്ടിച്ചു. ഒടുവിൽ ദുൽഖർനൈനിക്ക് ആ അക്രമികൾക്കെതിരെ ഇറങ്ങിത്തിരിക്കേണ്ടി വന്നു. അദ്ദേഹം ആ മേഖല മുഴുവൻ കീഴടക്കി കിഴക്കേ അറ്റത്തുണ്ടായിരുന്ന ജനവർഗത്തെ ഖുർആൻ പരിചയപ്പെടുത്തുന്നത് അവർക്കും സൂര്യനുമിടയിൽ മറയില്ലാത്തവർ എന്നാണ്. ഇതിന്റെ വിവക്ഷ വസ്ത്രം ധരിക്കാത്തവർ എന്നാവാം. വീടില്ലാത്തവർ എന്നുമാവാം. അവിടെ മലകളോ മരങ്ങളോ ഉണ്ടായിരുന്നില്ല എന്നുമാവാം. ഒരിടത്തു വീടുവെച്ചുതാമസിക്കാത്ത പ്രാകൃത നാടോടി വർഗമായിരുന്നുവെന്നാണ് പ്രാമാണിക വ്യാഖ്യാതാക്കളിൽ പലരും പറഞ്ഞിട്ടുള്ളത്.

**91.** كَذَٰلِكَ കൊണ്ട് സൂചിപ്പിക്കുന്നത് ദുൽഖർനൈനിയുടെ ദിഗ്വിജയങ്ങളും പ്രതാപവും നീതിനിഷ്ഠമായ പ്രജാപാലനവുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ഇതെല്ലാം അദ്ദേഹത്തിനു ലഭിച്ചത്. വിപുലമായ സാമ്രാജ്യം അധീനപ്പെടുത്താനും നീതിപൂർവം പരിപാലിക്കാനുമാവശ്യമായ അറിവും കഴിവും വിവേകവും അദ്ദേഹത്തിനുണ്ടെന്ന് അല്ലാഹുവിന്ന് നല്ലവണ്ണം അറിയാമായിരുന്നു. ■